പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 304.

09.04.2013 ൽ മറുപടിക്ക്

**റേഷൻ ധാന്യങ്ങളുടെ കടത്ത്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>„ കെ.കെ. ജയചന്ദ്രൻ:<br>„ ബി. സത്യൻ:<br>„ കെ.വി. വിജയദാസ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് റേഷൻ ധാന്യങ്ങളുടെ കടത്ത് വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) റേഷൻ അരി ബ്രാൻഡഡ് അരിയാക്കി സംസ്ഥാനത്ത് കൂടിയ വിലയ്ക്ക് വ്യാപകമായി വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (സി) ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ കമ്പോളത്തിൽ അരിയുടെ വില ഉയർന്നുതന്നെ നിൽക്കുന്ന അവസ്ഥ പരിശോധിക്കുമോ;<br><br>(ഡി) ഇത്തരം കള്ളക്കടത്ത് തടഞ്ഞ് കമ്പോളത്തിൽ അരിയുടെ വില നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (സി) യും (ഡി) യും | ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടനെ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ തടഞ്ഞ് അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി ഓരോ എ.ആർ.ഡി./എ.ഡബ്ല്യൂ.ഡിയിലും സമഗ്രമായ പരിശോധനകളും റെയ്ഡുകളും നടത്തുന്നുണ്ട്. കൂടാതെ പോലീസ്. റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രൈസ് |

മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാതല സ്കാഡും, സംസ്ഥാനതലത്തിൽ രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും പരിശോധനകൾ നടത്തുന്നുണ്ട്. ഇതിനുപരിയായി രണ്ട് സംസ്ഥാനതല പരിശോധന സ്ക്വാഡുകൾ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ല/താലൂക്ക്/പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിച്ചിരിക്കുന്ന ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും ഭക്ഷ്യധാന്യങ്ങളുടെ കള്ളക്കടത്ത് തടഞ്ഞ് കമ്പോളത്തിൽ അരിയുടെ വില നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ